**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5359** **21-07-2022 - ൽ മറുപടിയ്ക്ക്**

**കിഴക്കേക്കോട്ടയിൽ നിന്നും ബസ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാരണം തിരുവനന്തപുരം ജില്ലയിൽ എത്ര കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് ബസ്സുകൾ സർവ്വീസുകൾ നിർത്തിവച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;വിശദാംശം നൽകുമോ; | (എ) | കോവിഡ് വ്യാപനത്തിന് മുമ്പ് തിരുവനന്തപുരം ജില്ലയിൽ 1311 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. കോവിഡിന് ശേഷം ജനോപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് 1039 സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. |
| (ബി) | ആറ്റുകാൽ ക്ഷേത്രം ഉൾപ്പെടുന്ന മേഖലയിലേക്കുള്ള എത്ര സർവ്വീസുകൾ കോവിഡ് കാരണം നിർത്തിവച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | ആറ്റുകാൽ ക്ഷേത്രം ഉൾപ്പെടുന്ന മേഖലയിലേക്കുള്ള 3 സർവ്വീസുകൾ കോവിഡ് കാരണം നിർത്തിവച്ചിട്ടുണ്ട്.<br>1. നെയ്യാറ്റിൻകര – 1 എണ്ണം<br>2. തിരുവനന്തപുരം സിറ്റി – 2 എണ്ണം |
| (സി) | മരുതൂർക്കടവ്, ആറ്റുകാൽ ഭാഗങ്ങളിലേക്കുള്ള കെ.എസ്.ആർ.ടി.സി/ പ്രൈവറ്റ് ബസ്സ് സർവ്വീസുകൾ കിഴക്കേക്കോട്ടയിൽ സർവ്വീസ് അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പുന:സ്ഥാപിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ? | (സി) | മരുതൂർക്കടവ്, ആറ്റുകാൽ ഭാഗങ്ങളിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഷെഡ്യൂൾ പ്രകാരം തന്നെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.<br>ആയതിനാൽ അത്തരം പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രൈവറ്റ് ബസ് സർവീസുകൾ കിഴക്കേക്കോട്ടയിൽ സർവീസ് അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ